"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്-വിഴിഞ്ഞം തുറമുഖത്തെ ധ്വനി ടഗ്ഗിലെ ഫയർ എക്സ്റ്റിംഗ്യൂഷർ, ലൈഫ് റാഫ്റ്റ് എന്നിവയുടെ കാലാവധി പുതുക്കുന്നതിന്-ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.408/2025/F&P തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15/5/2025 ലെ HOKMB-TVM/500/2025-D1 (Tech) നമ്പർ കത്ത്

**ഉത്തരവ്**

വിഴിഞ്ഞം തുറമുഖത്തെ ധ്വനി ടഗ്ഗിലെ ഫയർ എക്സ്റ്റിംഗ്യൂഷറുകളുടെ സർട്ടിഫിക്കറ്റ് കാലാവധി 19.05.2025 ലും ലൈഫ് റാഫ്റ്റുകളുടെ കാലാവധി 09.05.2025 നും അവസാനിക്കുന്നു എന്നും ഇവയുടെ കാലാവധി പുതുക്കുന്നതിന് 53,720/- രൂപ ചിലവ് വരുമെന്നും ടഗ്ഗിലെ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ, ലൈഫ് റാഫ്റ്റുകൾ എന്നിവ ടഗ്ഗിന്റെ സുരക്ഷിതമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാൽ വിഴിഞ്ഞം തുറമുഖത്തെ ധ്വനി ടഗ്ഗിലെ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ,ലൈഫ് റാഫ്റ്റുകൾ എന്നിവയുടെ കാലാവധി പുതുക്കുന്നതിലേക്കായി കൊല്ലം തുറമുഖ ഓഫീസർ സമർപ്പിച്ച 53,720/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി "5051-80-800-98-Augmentation of Workshop and Stores Organisation-19 Machinery and Equipments" എന്ന ശീർഷകത്തിൽ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വിഴിഞ്ഞം തുറമുഖത്തെ ധ്വനി ടഗ്ഗിലെ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ, ലൈഫ് റാഫ്റ്റുകൾ എന്നിവയുടെ കാലാവധി പുതുക്കുന്നതിലേക്കായി കൊല്ലം തുറമുഖ ഓഫീസർ സമർപ്പിച്ച 53,720/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി "5051-80-800-98-Augmentation of Workshop and Stores Organisation-19 Machinery and Equipments" എന്ന ശീർഷകത്തിൽ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU V K
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anitha B
സെക്ഷൻ ഓഫീസർ
Date: 05-06-2025 10:12:53